**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഒരേ തുക പ്രീമിയം ഈടാക്കിയിട്ടും ചികിത്സ ആനുകൂല്യങ്ങൾ പെൻഷൻകാർക്ക് കുറവാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോ; വിശദാംശം നൽകുമോ; | (എ) | 23.06.2022 ലെ സ.ഉ.(പി) നം. 70/2022/ധന ഉത്തരവു പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 'മെഡിസെപ്' പദ്ധതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും ലഭ്യമാകുന്ന ഇൻഷുറൻസ് പരിരക്ഷ ഒന്നുതന്നെയാണ്. പദ്ധതിയിലുൾപ്പെട്ട ചികിത്സാ പാക്കേജുകളുടെ നിരക്കിലോ വാർഷിക പരിരക്ഷാ നിരക്കിലോ ജീവനക്കാർ, പെൻഷൻകാർ എന്നിങ്ങനെയുള്ള വേർതിരിവ് ഇല്ല. അതുകൊണ്ട് തന്നെ ഒരേ രീതിയിലുള്ള ചികിത്സാ ആനുകൂല്യങ്ങൾ തന്നെയാണ് ജീവനക്കാർക്കും പെൻഷൻകാർക്കും പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പെൻഷൻകാരുടെ ആശ്രിതരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പെൻഷൻകാർക്ക് ആശ്രിതരായി നിയമപരമായ ജീവിത പങ്കാളിയെയും 23.06.2022 ലെ ജി.ഒ.(പി) നം.70/2022/ധന സർക്കാർ ഉത്തരവിലെ അനുബന്ധം 4 -ലെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശാരീരികമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും പ്രായപരിധിയില്ലാതെ മെഡിസെപ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്താവുന്നതാണ്. |
| (സി) | ദമ്പതികൾ പെൻഷൻകാരായാൽ രണ്ടുപേരും പ്രതിമാസ പ്രീമിയം അടയ്ക്കണം എന്ന വ്യവസ്ഥ ഒഴിവാക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇല്ല. പങ്കാളികൾ രണ്ടുപേരും പെൻഷൻകാർ ആണെങ്കിൽ രണ്ടുപേർക്കും കൂടി പ്രതിവർഷം 6 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ